THE CALICUT CO-OPERATIVE URBAN BANK LTD.

SINCE 1915

# Moratorium/ Relief Package Policy

**Approved as per Board Resolution No. 1/1 Dtd. 09/04/2020**

**Amended as per Board Resolution No. 09/05 Dtd. 04.06.2020**

**Date: 04.06.2020**

## Moratorium/ Relief Package Policy

RBI യുടെ 27/03/2020 തിയ്യതിയായി Covid-19 Regulatory Package സംബന്ധിച്ച് ഇറക്കിയ DOR.No.BP.BC47/21.04.048/2019-20 നമ്പർ സർക്കുലർ പ്രകാരം 09/04/2020 തിയ്യതിയിലെ ബാങ്ക് ഭരണസമിതിയുടെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച Covid-19 Moratorium/ Relief Package Policy ഡൽഹി ഹൈക്കോടതിയുടെ 06.04.2020 തിയ്യതിയിലെ വിധി പ്രകാരമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുകയും ആയത് 17.04.2020 തിയ്യതിയിലെ ഭരണസമിതിയുടെ 02/05 തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ആയതിൽ, 23.05.2020 തിയ്യതിലെ RBI യുടെ Covid-19 Regulatory Package സംബന്ധിച്ച് ഇറക്കിയ സർക്കുലർ പ്രകാരം 04.06.2020 തിയ്യതിയിലെ ഭരണസമിതി 09/05 നമ്പർ തീരുമാനപ്രകാരം വരുത്തിയ ഭേദഗതി നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പോളിസി.

## മൊറട്ടോറിയത്തിന് പരിഗണിക്കുന്നതിനുള്ള അർഹത

1. 29.02.2020ന് നിഷ്ക്രിയ ആസ്തിയിൽ ഉൾപ്പെടാത്ത എല്ലാ വായ്പകളും.
2. 2020 മാർച്ച് മാസത്തിൽ പുതിയതായി അനുവദിച്ച വായ്പകൾ.
3. 2020 മാർച്ച് മാസത്തിൽ കുടിശ്ശിക അടച്ച് തീർത്ത വായ്പകൾ.
4. 31.03.2020 പ്രകാരം NPA അല്ലാത്ത വായ്പകൾ.
5. Deposit Loan, Employees Loan എന്നീ വായ്പകൾക്ക് മൊറട്ടോറിയം ബാധകമല്ല.
6. മൊറട്ടോറിയം കാലയളവ് 01.03.2020 മുതൽ 31.08.2020 വരെ മാത്രമാണ്.

## TERM LOAN

1. എല്ലാ Term ലോണുകൾക്കും മൊറട്ടോറിയം ബാധകമാണ്.
2. മൊറട്ടോറിയം കാലയളവിൽ മുതൽ ബാക്കിനിൽപിന് മേൽ ബാങ്കും വായ്പക്കാരനും തമ്മിൽ നിലവിലുള്ള വായ്പ ഉടമ്പടി പ്രകാരം പലിശ കണക്കാക്കുന്നതാണ്.
3. Bullet Repayment, EMI, തുടങ്ങി എല്ലാ Scheme കൾക്കും Policy പ്രകാരം മൊറട്ടോറിയത്തിന് അർഹതയുണ്ടായിരിക്കും.
4. മൊറട്ടോറിയം കാലയളവിലെ Accrued Interest മൊറട്ടോറിയം അവസാനിക്കുന്ന തിയ്യതിക്ക് നിലവിലെ മുതലിനോട് കൂട്ടിചേർത്ത് വായ്പ പിന്നീട് Re-schedule ചെയ്യുന്നതാണ്.

## Cash Credit/OD വായ്പകൾ

1. Standard ആയ Cash Credit/Over draft വായ്പകൾക്ക് 01.03.2020 മുതൽ 31.08.2020 വരെ മൊറട്ടോറിയം ബാധകമാണ്.
2. Cash Credit വായ്പകളിൽ മൊറട്ടോറിയം കാലാവധിയിലെ പലിശ കണക്കാക്കി, പ്രസ്തുത സംഖ്യ 2021 ഫെബ്രുവരി മാസം ക്ലോസ് ചെയ്യുന്ന രീതിയിൽ 6 ഗഡുക്കളായി (2020 September to 2021 February) അടവാക്കുന്ന വിധത്തിലുള്ള Funded interest term loan ആയി അനുവദിക്കുന്നതാണ്. ആയതിന് 10% പലിശ നിരക്ക് ഈടാക്കുന്നതാണ്.
3. Covid–19 കാരണം കൊണ്ട് Businessന് കാര്യമായി പ്രശ്നം വന്ന വായ്പക്കാർ Borrowing Limit വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ ബാങ്ക് ലോൺ അപേക്ഷയിലെ രേഖകളും, മുൻ തിരിച്ചടവും, ലോൺ സംബന്ധിച്ച മററുകാര്യങ്ങളും പരിശോധിച്ച് ബാങ്കിന് ബോദ്ധ്യപ്പെടുന്നപക്ഷം Borrowing Limit വർദ്ധിപ്പിക്കുന്നതാണ്.

## Gold

1. മൊറട്ടോറിയം കാലയളവിൽ കാലാവധി കഴിയുന്ന, 15 Days, 1 Month, 3Month എന്നീ Gold Loan Scheme എടുത്തവർക്കും 31.08.2020വരെ നിലവിലെ പലിശ നിരക്കിൽ പിഴപലിശ ഈടാക്കാതെ Gold Loan തുടരാവുന്നതാണ്.
2. മൊറട്ടോറിയം കാലയളവിൽ കാലാവധി കഴിയുന്ന 6 Month, 1 Year, Swarna Varsha എന്നീ Gold Loan Scheme എടുത്തവർക്കും 31.08.2020വരെ നിലവിലെ പലിശ നിരക്കിൽ പിഴപലിശ ഈടാക്കാതെ Gold Loan തുടരാവുന്നതാണ്.

## പൊതു നിബന്ധനകൾ

1. മൊറട്ടോറിയം കാലയളവിൽ ബാങ്ക് പിഴപലിശ ഈടാക്കുന്നതല്ല.
2. മൊറട്ടോറിയം എന്നത് ഒരു ഇളവ് അല്ലാത്തതിനാൽ മേൽ കാലയളവിൽ വായ്പാതുക കൃത്യമായി അടവാക്കുവാൻ കഴിയുന്ന വായ്പക്കാർക്ക് ആയത് അടവാക്കാവുന്നതാണ്.
3. Moratorium ആവശ്യമില്ലാത്ത വായ്പക്കാർ നിലവിലെ വായ്പാ നിബന്ധനപ്രകാരം വായ്പ ഗഡുക്കൾ കൃത്യമായി അടവാക്കേണ്ടതുമാണ്.
4. Covid – 19 പശ്ചാത്തലത്തിൽ ഇടപാടുകാർക്ക് കുറഞ്ഞ നിരക്കിൽ അടിയന്തിരമായ Fund ലഭ്യമാക്കാൻ 5% പലിശ നിരക്കിൽ 3 മാസം കാലാവധിക്ക് പവന് 23000 രൂപ വരെ പുതിയ Gold Loan നൽകുന്നതാണ്. ആയത് 30.06.2020 വരെ വായ്പ എടുക്കുന്നവർക്ക് മാത്രമായിരിക്കും.

5. കൃത്യമായി Instalment അടവാക്കുന്ന വായ്പക്കാർക്ക് ബാങ്ക് നിലവിൽ നൽകിവരുന്ന Interest റിബേറ്റ് മൊറട്ടോറിയത്തിനുശേഷം തുടർന്നും കൃത്യമായി അടവാക്കിയാൽ ലഭിക്കുന്നതാണ്.

6. മോറട്ടോറിയം കാലയളവിൽ യാതൊരുവിധ ജപ്തി നടപടികളും ബാങ്ക് സ്വീകരിക്കുന്നതല്ല.

7. മൊറട്ടോറിയം ആവശ്യമില്ലാത്ത വായ്പക്കാർ, ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ശാഖയിൽ 15.07.2020 ന് മുമ്പായി അപേക്ഷ നൽകേണ്ടതാണ്.

8. 31.03.2020 തിയ്യതിവരെ NPA ആയ വായ്പക്കാർ കുടിശ്ശിക മുഴുവൻ മൊറട്ടോറിയം കാലയളവിൽ അടച്ചു തീർക്കുകയാണെങ്കിൽ അടവാക്കേണ്ട പലിശയുടെ 10% കിഴിവ് അനുവദിക്കുന്നതാണ്.

9. NPA ആയ വായ്പകൾ നിലവിൽ ബാങ്ക് സ്വീകരിച്ചു വരുന്ന നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനും, വായ്പയിലെ Credit Score മോശമാകാതിരിക്കുവാനും കുടിശ്ശിക തുക പൂർണ്ണമായും അടവാക്കേണ്ടതാണ്. പ്രസ്തുത വായ്പകൾക്ക് Moratorium ലഭിക്കുന്നതല്ല.

**ചെയർമാൻ** **ഡയരക്ടർ** **ഡയരക്ടർ** **ജനറൽ മാനേജർ**